## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 187 | **11.03.2020** - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. റിട്ടേണുകൾ വൈകുന്നതിന്റെ പേരിലുള്ള പിഴ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റോജി എം. ജോൺ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വേണ്ടത്ര മുന്നൊരുക്കങ്ങൾ ഇല്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയത് മൂലവും നെറ്റ് വർക്ക് തകരാർ ആകുന്നത് മൂലവും കൃത്യസമയത്ത് റിട്ടേണുകൾ ഫയൽ ചെയ്യുവാൻ സാധിക്കാതെ വ്യാപാര ലോകം പ്രതിസന്ധി നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ജി.എസ്.ടി.എൻ എന്ന കമ്പനിയാണ് ചരക്കുസേവന നികുതി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ് എന്നിവ നിയന്ത്രിക്കുന്നത്. നെറ്റ് വർക്ക് തകരാർ ആകുന്നതുമൂലം പല അവസരങ്ങളിലും കൃത്യസമയത്ത് റിട്ടേണുകൾ ഫയൽ ചെയ്യുവാൻ സാധിക്കാതെ വ്യാപാര ലോകം പ്രതിസന്ധി നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി ദീർഘിപ്പിച്ചു നൽകാറുണ്ട്. എന്നാൽ നിലവിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് റിട്ടേൺ ഫയലിംഗ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്. ജി.എസ്.ടി. സംബന്ധമായ പരാതികൾ, സാങ്കേതിക പ്രശ്നങ്ങൾ, റിട്ടേൺ സമർപ്പിക്കുന്നതിലെ പ്രശ്നങ്ങൾ എന്നിവ കാലോചിതമായി പരിഹരിക്കുന്നതിന് 38-ാമത് ജി.എസ്.ടി. കൗൺസിലിന്റെ ശുപാർശ പ്രകാരം സംസ്ഥാനത്ത് ചരക്കുസേവന നികുതി റിഡ്രസ്സൽ മെക്കാനിസം നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ വിവിധ വ്യാപാരി വ്യവസായി പ്രതിനിധികളും പ്രാക്ടീഷണർമാരും കേന്ദ്ര സംസ്ഥാന നികുതി ഉദ്യോഗസ്ഥരും അംഗങ്ങളാണ്. |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. റിട്ടേണുകൾ വൈകുന്നതിന്റെ പേരിൽ ഓരോ ദിവസവും അടയ്ക്കേണ്ട പിഴ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള എല്ലാ വ്യാപാരികളും നിർബന്ധമായും റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. ഏതെങ്കിലും മാസങ്ങളിൽ വിറ്റുവരവ് ഇല്ലെങ്കിൽ പോലും NIL റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. ജി.എസ്.ടി.ആർ 3 ബി റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 50 രൂപ [SGST 25 രൂപയും CGST 25 രൂപയും] നിരക്കിലും, വിറ്റുവരവ് ഇല്ലാത്ത മാസങ്ങളിലെ റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 20 രൂപ [SGST 10 രൂപയും CGST 10 രൂപയും] നിരക്കിലും ലേറ്റ് ഫീ ബാധകമാണ്. |
| (സി) | 2019 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഈ ഇനത്തിൽ ലഭിച്ച തുക എത്രയെന്ന് അറിയിക്കാമോ; | (സി) | 2019 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ SGST ലേറ്റ് ഫീ ഇനത്തിൽ 86.75 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) | നെറ്റ് വർക്ക് തകരാർ മൂലമാണ് റിട്ടേണുകൾ സമർപ്പിക്കുവാൻ വൈകുന്നതെങ്കിൽ പിഴയിൽ നിന്നും ഒഴിവാകുവാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോ യെന്ന് വ്യക്തമാക്കുമോ? | (ഡി) | നെറ്റ് വർക്ക് തകരാർ മൂലമാണ് റിട്ടേൺ സമർപ്പിക്കുവാൻ വൈകുന്നതെങ്കിൽ ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 128 പ്രകാരം ചരക്കുസേവന നികുതി കൗൺസിലിന്റെ ശുപാർശയോടെ സർക്കാരിന് പിഴതുക ഒഴിവാക്കാനുള്ള അധികാരമുണ്ട്. സാങ്കേതിക കാരണങ്ങളാൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് തടസ്സമുണ്ടാകുന്ന അവസരങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി ദീർഘിപ്പിച്ചു നൽകുകയും പിഴ ഒഴിവാക്കുകയും ചെയ്യാറുണ്ട്. |

**സെക്ഷൻ ഓഫീസർ**